

09/08/2029

FRIDAY

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A    Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/08/2024

1. 2024-25 സംസ്ഥാനതല കർഷക ദിനാഘോഷവും 2023 വർഷത്തെ കാർഷിക അവാർഡ് വിതരണവും ട്രിനിറ്റി കോളേജ്, പള്ളിച്ചലിൽ വെച്ച് നടത്തപ്പെടുമെന്ന് കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചു.

2. മാവേലിക്കര ബ്ലോക്കിലെ കൃഷി വകുപ്പിന്റെ പ്രധാനപ്പെട്ട പദ്ധതിളായ പച്ചക്കറി വികസന പദ്ധതി 2023-24-വീട്ടുവളപ്പിലെ പോഷക തോട്ടം, ഫല വൃക്ഷങ്ങളുടെ വികസന പദ്ധതി, State Horticulture Mission - വീട്ടുവളപ്പിലെ പോഷക പഴത്തോട്ടം, എള്ള് കൃഷി, പച്ചക്കറി വികസന പദ്ധതി 2023-24 എന്നിവയാണ്. പച്ചക്കറി വികസന പദ്ധതി പ്രകാരം ഹൈബ്രിഡ് വിത്ത് കൃഷിഭവനുകളിൽ ലഭ്യമാണ്. താത്പര്യമുള്ള കർഷകർ പദ്ധതി വിശദാംശങ്ങൾക്കായി മാവേലിക്കര ബ്ലോക്കിൽ വരുന്ന തെക്കേക്കര, ചെന്നിത്തല, മാവേലിക്കര, തഴക്കര, ചെട്ടികുളങ്ങര എന്നീ കൃഷിഭവനുകളുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470657 എന്ന ഫോൺ നമ്പറിൽ മാവേലിക്കര കൃഷി അസിസ്റ്റന്റുമായി ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാല കാർഷിക കോളേജ് വെള്ളാനിക്കരയിൽ മുളക്, വഴുതന, തക്കാളി എന്നിവയുടെ ഗ്രാഫ്റ്റഡ് തൈകളും സാധാരണ തൈകളും വില്പനയ്ക്ക് തയ്യാറാണ്. വിൽപ്പന സമയം രാവിലെ 9 മണി മുതൽ നാലുമണി വരെ. ബന്ധപ്പെടേണ്ട നമ്പർ:9188248481.

4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന ജൈവ കാർഷിക മിഷൻ പദ്ധതിയുടെ ഭാഗമായി പൂർണമായും ജൈവ കൃഷി ചെയ്യുന്ന ജൈവ കർഷകരുടെ ഉത്പന്നങ്ങൾക്ക് അന്താരാഷ്ട്ര നിലവാരമുള്ള ജൈവ സർട്ടിഫിക്കേഷൻ ലഭ്യമാകുവാനുള്ള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടപടികളുടെ ഭാഗമായി കൃഷിഭവൻ മുഖാന്തിരം അപേക്ഷകൾ സ്വീകരിക്കുന്നു. ആവശ്യമായ കർഷകർ അതത് കൃഷിഭവനുമായി ബന്ധപ്പെടുക.

5. ക്ഷീരവികസന വകുപ്പ് ജില്ലാ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെയും ചീപ്പുങ്കൽ ക്ഷീരസഹകരണ സംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ക്ഷീരോല്പാദകരെയും ഉപഭോക്താക്കളെയും ഉൾപ്പെടുത്തി പാൽ ഗുണനിലവാര ബോധവൽക്കരണ പരിപാടി ഇന്ന് (2024 ഓഗസ്റ്റ് 9) രാവിലെ 10.00 മണി മുതൽ ചീപ്പുങ്കൽ ക്ഷീരസംഘം ഹാളിൽ വെച്ച് നടത്തപ്പെടുന്നതാണ്. ക്ഷീരവികസന വകുപ്പിലെ സാങ്കേതിക വിദഗ്ദ്ധർ പരിപാടിയിൽ ക്ലാസ്സുകൾ നയിക്കുന്നതാണ്. ഈ പരിപാടിയിലൂടെ ക്ഷീര കർഷകർ ഉൽപാദിപ്പിക്കുന്ന പാലിന്റെ ഗുണം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ശാസ്ത്രീയ വശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നു.

6. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ വിവിധ ഭാഗങ്ങളിലായി അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളുടെ ശിഖരങ്ങൾ കോതുന്നതിന് വിദഗ്ധരായ തൊഴിലാളികളിൽ നിന്ന് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി 16/08/2024-തിയതി രാവിലെ 11 മണിവരെയാണ്. ക്വട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഫാം ഓഫീസുമായി നേരിട്ടോ 0471 2732962 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

7. വനമിത്ര അവാർഡ് ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ അനുകരണീയ പ്രവർത്തനങ്ങൾക്ക് സംസ്ഥാന വനം വന്യജീവി വകുപ്പ് 2024-25 വർഷത്തിൽ വനമിത്ര അവാർഡ് നൽകുന്നു. 25,000 രൂപയും ഫലകവുമടങ്ങുന്നതാണ് അവാർഡ്. കണ്ടൽക്കാടുകൾ, കാവുകൾ, ഔഷധ സസ്യങ്ങൾ, കാർഷികം, ജൈവവൈവിധ്യം മുതലായവ പരിരക്ഷിക്കുന്ന

പ്രവർത്തനങ്ങൾക്ക് ഓരോ ജില്ലയിൽനിന്നും ഒരു അവാർഡ് വീതം നൽകും. തിരുവനന്തപുരം ജില്ലയിലെ താൽപര്യമുള്ള വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കർഷകർ എന്നിവർക്ക് തിരുവനന്തപുരം രാജീവ് ഗാന്ധി നഗറിലെ (പി.റ്റി.പി) സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് ആഗസ്റ്റ് 31 വരെ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് 9447979135 എന്ന നമ്പരിൽ ബന്ധപ്പെടുക.

8. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന ജൈവ കാർഷിക മിഷൻ പദ്ധതിയുടെ ഭാഗമായി പൂർണമായും ജൈവ കൃഷി ചെയ്യുന്ന ജൈവ കർഷകരുടെ ഉത്പന്നങ്ങൾക്ക് അന്താരാഷ്ട്ര നിലവാരമുള്ള ജൈവ സർട്ടിഫിക്കേഷൻ ലഭ്യമാകുവാനുള്ള നടപടികളുടെ ഭാഗമായി കൃഷിഭവൻ മുഖാന്തിരം അപേക്ഷകൾ സ്വീകരിക്കുന്നു. ആവശ്യമായ കർഷകർ അതത് കൃഷിഭവനുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടി**

9. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ 13.08.2024 ചൊവ്വാഴ്ച **ആടുവളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പ്പര്യമുള്ളവർ 0466 2212279, 0466 29122008, 6282937809 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ ആഗസ്റ്റ് 13, 14 തീയതികളിൽ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം